# പ്രതികൂലങ്ങളിലും തളരാതെ...
# സിസ്റ്റർ മേരീ കോവൂർ

**ജോമോൻ തോമസ്**


സിസ്റ്റർ മേരി കോവൂരും ഭർത്താവ് കുരുവിള കോവൂരും

*നാലു പതിറ്റാണ്ട് കേരളത്തിന്റെ സുവിശേഷ വേദികളിൽ നിറഞ്ഞുനിന്ന പേരായിരുന്നു മേരി കോവൂർ. അഞ്ചാമത്തെ വയസ്സിൽ കർത്താവിന് ജീവിതം സമർപ്പിച്ച ഈ കർത്തൃദാസി നാലായിരത്തോളം വേദികളിൽ യേശുവിനെ സാക്ഷീകരിച്ചു. തന്റെ പഠനത്തിനുശേഷം ചില നാളുകൾ അദ്ധ്യാപികയായി ജോലി നോക്കിയെങ്കിലും 1959ൽ ജോലി രാജിവെച്ച് പൂർണ്ണമായ സുവിശേഷ വേലയ്ക്ക് ഇറങ്ങുകയായിരുന്നു. കോളാറിൽ നിന്നും ബി.ടിഎച്ച് നേടുകയും, മണക്കാല ഫെയ്ത്ത് ബൈബിൾ കോളേജിൽ ചില നാളുകൾ പഠിപ്പിക്കുവാനും കഴിഞ്ഞു. എട്ടു വർഷം മുമ്പ് ഉണ്ടായ സ്ട്രോക്ക് നിമിത്തം ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്നുവെങ്കിലും സുവിശേഷം പ്രസംഗിക്കുന്നതിന് തന്റെ ഓർമ്മയോ, ശബ്ദമോ ഒന്നും തടസ്സമല്ല. നടക്കുവാൻ ബുദ്ധിമുട്ട് ഉൺടെങ്കിലും പ്രായത്തിനോ രോഗത്തിനോ തളർത്തുവാൻ പറ്റാത്ത ആത്മധൈര്യം ഈ ദൈവദാസിക്കുണ്ട്. സഹോദരിമാർ ശുശ്രൂഷകളിൽ മുമ്പോട്ടുവരാതിരുന്ന കാലഘട്ടത്തിൽ പ്രതികൂലങ്ങളെയും എതിർപ്പുകളെയും വകവെക്കാതെ മുമ്പോട്ടുവന്ന മേരി കോവൂർ സി.എസ്.ഐ യൂത്ത് വർക്കറായിട്ടായിരുന്നു തന്റെ സുവിശേഷ വേലക്ക് തുടക്കം കുറിച്ചത്. ഇന്ത്യൻ പെന്റക്കൊസ്റ്റ് ദൈവസഭയുടെ മുതിർന്ന നേതാക്കളായിരുന്ന പാസ്റ്റർ കെ.ഇ. ഏബ്രഹാം, ടി.ജി. ഉമ്മൻ, പി.എം. ഫിലിപ്പ് എന്നിവരോടൊപ്പം പലവേദികളിലും പ്രസംഗിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വടക്കെ ഇന്ത്യയിലെ ഒരു അന്ധവിദ്യാലയത്തിൽ പ്രിൻസിപ്പളായി സേവനം അനുഷ്ഠിക്കുവാൻ ക്ഷണം കിട്ടിയിരുന്നു. എന്നാൽ ദൈവീക ആലോചന പ്രകാരം താൻ അതു ഉപേക്ഷിച്ചുവെങ്കിലും ഇരുളിലായിരുന്ന അനേകരുടെ ആത്മീയ കണ്ണുകളിൽ ദൈവീകപ്രകാശം പകർന്ന് കൊടുക്കുവാനും ഈ ദൈവദാസിക്ക്*

*കഴിഞ്ഞു. സിസ്റ്റർ മേരി കോവൂരും ഭർത്താവ് കുരുവിള കോവൂരും തങ്ങളുടെ അനുഭവങ്ങൾ ദിജിഎംന്യൂസിനോട് പങ്കുവെക്കുന്നു.*

**സുവിശേഷ വേലക്കിറങ്ങുവാൻ ആരുടെയെങ്കിലും ജീവിതം സ്വാധീനിച്ചിരുന്നോ?**

**എ**ന്റെ അപ്പച്ചന്റെ സഹോദരിയായിരുന്ന സാറാമ്മ തോമസിന്റെ ജീവിതം എന്നെ സ്വാധീനിച്ചിരുന്നു. തൃശ്ശൂർ ബഥേൽ ആശ്രമത്തിലെ ജോലിയും ഒപ്പം സുവിശേഷ വേലയും സിസ്റ്റർ സാറാമ്മ തോമസ് ചെയ്തുപോന്നിരുന്നു. അവരുടെ ജവിതത്തിലെ സാക്ഷ്യം എന്നെ സ്വാധീനിച്ചിട്ടുൺട്. അതുകൊൺട് ചെറുപ്പം മുതൽ സിസ്റ്റർ സാറാമ്മയെപ്പോലെ ആയിത്തീരണമെന്ന ആഗ്രഹം എനിക്കുൺടായിരുന്നു. ആ ദൈവദാസിയെപ്പോലെ പ്രാർത്ഥന ജീവിതം നയിച്ച ഒരാളെ ഞാൻ കൺടിട്ടില്ല. അതുപോലെ ഒരു പ്രാർത്ഥന ജീവിതം നയിക്കുന്നവൾ ആയിത്തീരമെന്ന് ഞാൻ ആഗ്രഹിച്ചു. അതാണ് എന്നെ കർത്താവിന്റെ വേലയിലേക്ക് ആകർഷിച്ചതും. എന്റെ അഞ്ചാമത്തെ വയസ്സിൽ ആണ് ഞാൻ രക്ഷിക്കപ്പെട്ടത്.

സ്കൂളിൽ പഠിക്കുന്ന സമയത്ത് സ്കൂളിൽ നടക്കുന്ന റിട്രീറ്റുകൾക്ക് ഞാൻ പങ്കെടുക്കുമായിരുന്നു. ഒരിക്കൽ കോട്ടയത്തുനടന്ന ഒരു ധ്യാനയോഗത്തിൽ മിസ് ക്ലാരി എന്ന മദാമ്മ ''പൂർണ്ണമായും കർത്താവിനുവേൺടി സമർപ്പിക്കുക'' എന്ന വിഷയത്തെപ്പറ്റി അവർ സംസാരിച്ചപ്പോൾ, ' ജീവിക്കുകയാണെങ്കിൽ നാം പൂർണ്ണമായി സമർപ്പിക്കപ്പെട്ട ജീവിതമാണ് നയിക്കേൺടത് ' എന്ന് ആഹ്വാനം ചെയ്തു. അന്നുതന്നെ ഞാൻ തീരുമാനിച്ചു കർത്താവിനോടു പറഞ്ഞു ' കർത്താവേ അങ്ങനെയുള്ള ഒരു ജീവിതം എനിക്കു തരണമേ'യെന്ന്

അന്ന് എനിക്ക് 13 വയസ്സായിരുന്നു. ജീവിതത്തിലെ ഒരു വലിയ നാഴിക കല്ലായിട്ടാണ് എനിക്ക് ആ മീറ്റിംഗ് തോന്നിയിട്ടുള്ളത്.

**പെന്റക്കൊസ്റ്റ് അനുഭവത്തിലേക്ക് കടന്നുവരുവാനുൺടായ സാഹചര്യം**

വിവാഹത്തിനു ശേഷമായിരുന്നു പെന്റക്കൊസ്റ്റ് അനുഭവത്തിലേക്ക് വന്നത്. 1960ൽ ആയിരുന്നു ഞങ്ങളുടെ വിവാഹം. അതിനുമുമ്പുതന്നെ സിഎസ്ഐയുടെ യൂത്ത് വർക്കറായി തൃശ്ശൂർ ബഥേൽ ആശ്രമത്തിനോട് ചേർന്ന് ഞാൻ കർത്താവിന്റെ വേല ചെയ്തിരുന്നു. ബിഎസ്സ്സി കഴിഞ്ഞു ഞാൻ കോളാറിൽ നിന്നും ബിടിഎച്ച് എടുത്തു. ആ സമയത്ത് സിസ്റ്റർ സാറാമ്മയെ പ്രസംഗിക്കുവാൻ വിളിച്ച സ്ഥലത്തു നടന്ന കൺവൻഷനിൽ പ്രസംഗിക്കുവാൻ എന്നെയും വിളിക്കുവാൻ തുടങ്ങി. അങ്ങനെ തിരുവല്ലയിൽ ഒരു മീറ്റിംഗിന് പ്രസംഗിക്കുവാൻ പോയപ്പോഴാണ് വിവാഹാലോചന ഉൺടായത്. അന്ന് എനിക്ക് 28 വയസ്സായിരുന്നു. കർത്താവിന്റെ ദാസൻ കുരുവിള കോവൂർ സുവിശേഷ വേലയ്ക്ക് സമർപ്പിച്ച് നിൽക്കുന്ന ഒരു സമയം ആയിരുന്നു അത്. വിവാഹത്തിനു മുമ്പ് ഞാൻ ഏറ്റെടുത്ത എല്ലാ ശുശ്രൂഷകൾക്കും ഞങ്ങൾ ഒരുമിച്ചായിരുന്നു പോയത്. സുവിശേഷ സത്യം മനസ്സിലാക്കി ഭർത്താവ് സ്നാനപ്പെടുവാൻ തീരുമാനം എടുത്തപ്പോൾ മർത്തോമ്മ സഭയിൽ നിന്നും ഞങ്ങളെ മുടക്കി. പിറ്റെ ഞായറാഴ്ചയിൽ ഞങ്ങളുടെ വീട്ടിൽതന്നെ ഞങ്ങൾ രൺടുപേർ പായിട്ട് ആരാധന തുടങ്ങുകയായിരുന്നു. പിന്നീട് ചുറ്റുപാടുകളിൽ നിന്നും അറിഞ്ഞവർ ധാരാളം പേർ ഞങ്ങളുടെ ഭവനത്തിൽ വന്നു. വിടുതൽ പ്രാപിച്ചു ഇന്നും കാവുംഭാഗം ദൈവസഭ എന്ന പേരിൽ ആ കൂടിവരവ് നടന്നുപോരുന്നു.

**സുവിശേഷവേലയിൽ അനുഭവിച്ച എതിർപ്പുകൾ**

കല്ലുങ്കൽ എന്ന സ്ഥലത്ത് സുവിശേഷയോഗത്തിന് പ്രസംഗിക്കുവാൻ എന്നെ വിളിച്ചു. സമുദായത്തിൽ നിന്നും രക്ഷിക്കപ്പെട്ടുവന്ന ചിലരായിരുന്നു അതിനു നേതൃത്വം നൽകിയിരുന്നത്. മുമ്പ് ഭൂതം ബാധിച്ച ഒരു സ്ത്രീക്ക് വിടുതൽ ലഭിച്ചതാണ് എന്നെ യോഗത്തിന് വിളിക്കുവാൻ കാരണമായത്. അവിടെ ചെന്നപ്പോൾ യാക്കോബക്കാർ എല്ലാവരും കൂടി യോഗം നടത്താതിരിക്കുവാൻ ശ്രമിച്ചു. ഞങ്ങൾ തിരിച്ചു പോകണം എന്ന് അവർ ആവശ്യപ്പെട്ടു. അന്ന് എന്റെ ഭർത്താവും ഒപ്പം ഉൺടായിരുന്നു. ഞങ്ങളെ വിളിച്ചവർ ആവശ്യപ്പെട്ടാലെ തിരിച്ചുപോകുകയുള്ളു എന്ന് അദ്ദേഹം പറഞ്ഞു. ഇതു കൺടു നിന്നിരുന്ന ഒരു വ്യക്തി (തൊട്ടടുത്ത താമസക്കാരൻ) അദ്ദേഹത്തിന്റെ വീടിന്റെ മുറ്റത്ത് കൺവൻഷൻ നടത്തിക്കൊള്ളുവാൻ ആവശ്യപ്പെടുകയും അദ്ദേഹംതന്നെ കസ്സേരയും മൈക്കും ഒക്കെ സംഘടിപ്പിക്കുകയും ചെയ്തു. അങ്ങനെ ആ യോഗം വിജയകരമായി നടന്നു. അന്നു ഞങ്ങളെ എതിർത്തിരുന്നവരിൽ പലരും കല്ലുങ്കൽ സഭയിൽ പിന്നീട് വിശ്വാസികളായി.

മറ്റൊരിക്കൽ ആറാട്ടുപുഴയിൽ കണവൻഷനു പ്രസംഗിക്കുവാൻ പോയപ്പോൾ കൺവൻഷൻ തുടങ്ങിയപ്പോൾ തന്നെ കല്ലേറുൺടായി. പാട്ടുകാർ എല്ലാം ഇറങ്ങി ഓടി. ഞാനും പാസ്റ്ററും മാത്രമായി സ്റ്റേജിൽ. രൺട് കല്ല് എന്റെ ദേഹത്തും വന്നു കൊൺടു. പുറത്തുനിന്ന് ചിലർ തീ കത്തിക്കാൻ വിളിച്ചുപറയുന്നത് കേൾക്കാമായിരുന്നു. തീപന്തവും അവർ കത്തിച്ചെറിഞ്ഞു. ആ സമയത്ത് സമീപവാസിയായ ഒരു ഹിന്ദു സഹോദരൻ വന്ന് അവരെ പിൻതിരിപ്പിക്കുകയും ചെയ്തു. ആ സഹോദനും കുടുംബവും ആ യോഗത്തിൽ സംബന്ധിച്ച് കുടുംബമായി രക്ഷിക്കപ്പെട്ടു. അവർ ഇന്നും ആറാട്ടുപുഴ ഇന്ത്യ പെന്റക്കൊസ്റ്റ് സഭയുടെ വിശ്വാസികളാണ്.

**സുവിശേഷ വേലക്കിറങ്ങിയ സമയത്ത് സഹോദരി എന്ന നിലയിൽ മറ്റ് പെന്റക്കൊസ്റ്റ് നേതാക്കൻമാരുടെ പ്രതികരണം എന്തായിരുന്നു?**

ഞാൻ പ്രസംഗിക്കാൻ ഇറങ്ങിയ സമയത്ത് നിലവിലുള്ള ചർച്ച് ഓഫ് ഗോഡ്, ഐപിസി തുടങ്ങിയ സഭകൾക്ക് സ്ത്രീകൾ പ്രസംഗിക്കുന്നതിനോട് അഭിപ്രായം പോരായിരുന്നു. എന്നാൽ അന്നത്തെ പെന്റക്കൊസ്റ്റു നേതാക്കളിൽ മുൻനിരയിൽ ഉൺടായിരുന്നവർ എന്നെ പ്രോത്സാഹിപ്പിച്ചിരുന്നു. കോട്ടയത്ത് മാമ്മൻ മാപ്പിള ഹാളിൽ നടന്ന ഐപിസി ശുശ്രൂഷകരുടെ മീറ്റിങ്ങിലായിരുന്നു ഞാൻ ആദ്യായി പ്രസംഗിച്ച ഐപിസി യോഗം. പി.എം. ഫിലിപ്പ് സാർ എന്നോടു ചോദിച്ചു ശുശ്രൂഷകരുടെ മീറ്റിങ്ങിൽ പ്രസംഗിക്കുമോയെന്ന്. പല അഭിപ്രായം ഉള്ള ആളുകൾ ഉള്ളതുകൊൺട് സാറു പ്രസംഗിക്കണം എന്നു ഞാൻ പറഞ്ഞു. ആദ്യത്തെ അരമണിക്കൂർ ഞാൻ പ്രസംഗിക്കണമെന്ന് നിർബന്ധിക്കുകയും അതു കഴിഞ്ഞ് ഞാൻ പറയുകയാണെങ്കിൽ പിന്നെ തുടർന്നാൽ മതിയെന്നും പറഞ്ഞു. ആദ്യത്തെ അര മണിക്കൂർ കഴിഞ്ഞപ്പോൾ അധ്യക്ഷൻ ഒരു മണിക്കൂർ കൂടെ സമയം അനുവദിച്ചു. അടുത്തതായി പ്രസംഗിക്കേൺടത് ടി.ജി. ഉമ്മൻ ആണ്. അപ്പച്ചൻ പറഞ്ഞു ' സഹോദരിമാർ പ്രസംഗിക്കുന്നതിൽ വലിയ സന്തോഷമുള്ള ആളല്ല ഞാൻ എങ്കിലും ഈ സഹോദരി പ്രസംഗിക്കുന്നത് ദൈവാത്മാവിന്റെ പ്രത്യേക നിയോഗത്തിലാണ് എന്ന് എനിക്ക് മനസ്സിലായതുകൊൺട് ഞാൻ എന്നെത്തന്നെ താഴ്ത്തി ഇരിക്കുന്നു' എന്ന് അപ്പച്ചൻ (ടി.ജെ. ഉമ്മൻ) ഇങ്ങനെ പറഞ്ഞപ്പോൾ അവിടെയുൺടായിരുന്ന പലരുടെയും മുൻവിധികൾ മാറി. അതുകഴിഞ്ഞ് പി.എം. ഫിലിപ്പ് സാർ കോട്ടയത്തുള്ള മിക്ക മീറ്റിങ്ങിനും എന്നെ വിളിക്കുമായിരുന്നു. ഇത്

എനിക്കൊരു വലിയ പ്രോത്സാഹനമായിരുന്നു.

ആറാട്ടുപുഴയിൽ നടന്ന ഒരു കൺവൻഷന്റെ അവസാന ദിവസം പാസ്റ്റർ കെ.ഇ. ഏബ്രഹാം ആണ് പ്രസംഗിക്കേണ്ടത്. സംഘാടകർ വന്ന് എന്നോടു പറഞ്ഞു ആദ്യത്തെ ഇരുപതു മിനിറ്റ് സിസ്റ്ററിനു തരാമെന്ന്. ഞാൻ പ്രസംഗിച്ചു ഇരുപതു മിനിറ്റ് കഴിഞ്ഞപ്പോൾ സംഘാടകരുടെ മുഖത്ത് നോക്കിയപ്പോൾ കെ.ഇ. ഏബ്രഹാം അപ്പച്ചൻ സ്റ്റേജിൽനിന്ന് കസേര നീക്കിനീക്കി ഞാൻ പ്രസംഗിക്കുന്നതിന്റെ അടുത്തുവന്നു പറഞ്ഞു ‘ ദൈവത്തിന്റെ ആത്മാവ് സംസാരിച്ചുകൊൺടിരിക്കുന്നതിനാൽ ഇപ്പോൾ നിർത്തരുത് ‘ എന്ന്. അദ്ദേഹത്തിന്റെ ഒന്നര മണിക്കൂർ സമയം എനിക്കു പ്രസംഗിക്കുവാൻ തന്നു. അതുകഴിഞ്ഞ് കെ.ഇ. ഏബ്രഹാം പാസ്റ്റർ പ്രസംഗിക്കുവാൻ എഴുന്നേറ്റു എന്റെ പെങ്ങളുടെ മകളാണ് പ്രസംഗിച്ചുകൊൺടിരുന്നത്. ദൈവാത്മാവ് ജനത്തോട് സംസാരിച്ചുകൊൺടിരിക്കുമ്പോൾ അതിന്റെ ഇടയ്ക്ക് വിലക്കുവാൻ ഞാൻ ആളല്ല. അതുകൊൺട് എന്റെ അനുവാദത്തോടെയാണ് അവൾ സംസാരിച്ചുകൊൺടിരന്നത് എന്നു പറഞ്ഞു. അവൾ വിട്ടുപോയ ഒറ്റസംഗതിയുൺട് പരിശുദ്ധാത്മനിറവ്. അതുമാത്രം ഞാൻ പ്രസംഗിക്കാമെന്നു പറഞ്ഞ് പതിനഞ്ച് മിനിറ്റു പ്രസംഗിച്ചു. എന്റെ ജീവിതത്തിലെ മറക്കനാവാത്ത നിമിഷങ്ങളിലൊന്നായിരുന്നു അത്.

**എത്രത്തോളം കൺവൻഷൻ വേദികളിൽ പ്രസംഗിക്കുവാൻ സാധിച്ചിട്ടുൺട്? പ്രസംഗിക്കുവാൻ കൂടുതൽ ഇഷ്ടപ്പെടുന്ന വിഷയം?**

ഏകദേശം 4000ത്തോളം വേദികളിൽ സുവിശേഷം പങ്കുവെക്കുവാൻ സാധിച്ചിട്ടുൺട്. എവിടെ ഞാൻ പ്രസംഗിച്ചാലും രക്ഷയുടെ സന്ദേശം കൊടുക്കാറുൺട്. ദൈവാ ആര്? നമ്മൾ ആര്? തുടങ്ങിയ വിഷയങ്ങളാണ് പ്രസംഗിക്കുവാൻ ഇഷ്ടപ്പെടുന്നത്. യേശുക്രിസ്തു കഴിഞ്ഞാൽ യോസേഫിന്റെ ചരിത്രമാണ് എന്നെ സ്വാധീനിച്ചിട്ടുള്ളത്.

**സിസ്റ്റർ പ്രസംഗിക്കുമ്പോൾ ഏറ്റുപ്രസംഗം ഉൺടായിരുന്നല്ലോ, അത് എന്തുകൊൺടാണ്?**

തുടർച്ചയായിട്ട് സ്പീഡിൽ പ്രസംഗിക്കുമ്പോൾ എന്റെ ഹാർട്ടിന് ചെറിയ പ്രശ്നം ഉൺടാകുമായിരുന്നു. ഇടിപ്പ് കൂടും. രൺടു പ്രാവശ്യം സ്റ്റേജുകളിൽ വെച്ച് ചില അസ്വസ്ഥതകൾ എനിക്ക് അനുഭവപ്പെട്ടു. അപ്പോൾ ഡോക്ടറെ കാണിച്ചപ്പോൾ സെക്കൻഡ് ചെയ്യിപ്പിച്ചോളാൻ പറഞ്ഞു. ഒരു സീനിയർ പാസ്റ്ററും ഈ അഭിപ്രായം എന്നോടു പറഞ്ഞു. കേൾക്കുന്നവർക്ക് കാര്യങ്ങൾ ശരിയായി മനസ്സിലാക്കുവാനും, പ്രസംഗിക്കുന്ന വിഷയം മുഴുവനായി പ്രസംഗിക്കുവാനും ഇതുമൂലം സാധിക്കുന്നുൺട്.

**ഇന്ന് ശുശ്രൂഷാ വേദികളിൽ സഹോദരിമാർ മുമ്പോട്ട് വരാത്തത് എന്തുകൊൺടാണ്....?**

സഹോദരിമാർക്ക് ശുശ്രൂഷിക്കുവാനുള്ള അവസരം പാസ്റ്റർമാർ വിട്ടുകൊടുക്കുന്നില്ല. അവസരമുൺടെങ്കിൽ സഹോദരിമാർ മുമ്പോട്ടുവരും. പിന്നെ ഒരു കാര്യം വീട്ടിലെ ജോലിമുഴുവൻ ചെയ്യേൺടിവരിക സഹോദരിമാരാണ്. ഞാൻ രാത്രിയിൽ വീട്ടിലെ ജോലികൾ ചെയ്തിട്ടാണ് പകൽ കർത്താവിന്റെ വേലക്ക് പോയിരുന്നത്. തുണി അലക്കും ഭക്ഷണം ഉൺടാക്കലും ഒക്കെ രാത്രിയിൽ ആയിരുന്നു.

ഞാൻ മറ്റുള്ളവരുടെ പ്രതികരണം നോക്കാതെയാണ് മുമ്പോട്ടു വന്നത്. സുവിശേഷം അറിയാത്തവരെപ്പറ്റിയുള്ള ആത്മഭാരം ഇന്ന് ആവശ്യമാണ്. ഒരിക്കൽ ഞാൻ കോഴിക്കോട്ട് ഒരു കൺവൻഷന് പ്രസംഗിക്കുവാൻ പോയി എന്നാൽ ചുരുക്കം ചിലരായിരുന്നു കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചത്.. എനിക്കത് വലിയ സങ്കടം ആയിരുന്നു. ട്രെയിനിൽ തിരിച്ചു പോരുമ്പോൾ ഞാൻ അവിടം മുതൽ കരയുകയായിരുന്നു. ആരെങ്കിലും സുഖമില്ലാതെ കിടക്കുന്നതുകൊണ്ടാണോ കരയുന്നത് എന്ന് അടുത്തിരുന്ന ചിലർ ചോദിച്ചു. ‘‘നശിച്ചു പോകുന്ന ആത്മാക്കളെപ്പറ്റി ഓർത്തപ്പോൾ ആണ് കരഞ്ഞത്’’ എന്നാണ് ഞാൻ പറഞ്ഞത്.

**കുടുംബത്തെക്കുറിച്ച്?**

ഭർത്താവ്: കുരുവിള കോവൂർ. ഇവിടെ നടക്കുന്ന സഭാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. മകൻ: ജോർജ്ജ് കോവൂർ. ന്യൂറോ സർജൻ, ഒപ്പം കർത്താവിന്റെ വേല ചെയ്യുന്നു. ഇപ്പോൾ തൃശ്ശൂരാണ്. മകൾ:സാറാ ജോർജ്ജ്.

**ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിൽ നിരാശയുണ്ടോ?**

നിരാശ തോന്നിയിട്ടില്ല. 8 വർഷം മുമ്പാണ് സ്ട്രോക്ക് ഉണ്ടായത്. അന്നും ഞാൻ ഒരു യോഗത്തിന് പ്രസംഗിച്ചിരുന്നു. ഇന്നു നടക്കാൻ മറ്റൊരാളുടെ സഹായമാവശ്യമുണ്ട് എങ്കിലും ഈയിടെ എറണാകുളത്ത് ഒരു കൺവൻഷന് പ്രസംഗിച്ചിരുന്നു. ഒരു മണിക്കൂർ തന്നാൽ പ്രസംഗിക്കുവാൻ പറ്റുമോ എന്നു സംഘാടകർ ചോദിച്ചു. സമയം തരുകയാണെങ്കിൽ എനിക്കു രണ്ടു മണിക്കൂർ തരണം എന്നു ഞാൻ പറഞ്ഞു. ദൈവാത്മാവിന്റെ ശക്തിയേറിയ സാന്നിധ്യം അന്നുണ്ടായി. രണ്ടു മണിക്കൂർ ഞാൻ പ്രസംഗിച്ചു. പണ്ട് ഒന്നര മണിക്കൂർകൊണ്ട് പറയുന്നത് ഇന്നു രണ്ടു മണിക്കൂർ വേണം എന്നു മാത്രം.

## നിരീശ്വരവാദിയായ എ.ടി. കോവൂരിന്റെ കുടുംബത്തിൽനിന്നും വിശ്വാസത്തിലേക്ക് കടന്നുവന്ന, മേരികോവൂരിന്റെ ഭർത്താവ് കുരുവിള കോവൂർ തന്റെ അനുഭവങ്ങൾ പങ്കുവെക്കുന്നു.

**വിശ്വാസത്തിലേക്ക് കടന്നുവരുവാനുണ്ടായ സാഹചര്യം...............**

പിതാവ് ലോകപ്രകാരമായിരുന്നു ജീവിച്ചത്. *മാതാവ് പള്ളിഭക്തയായിരുന്നു.* ലോകപ്രകാരം ഇന്ത്യയിലെ ഏറ്റവും വലിയ കോളേജിൽ പഠിക്കുവാൻ പോയി. എങ്കിലും എന്റെ പിതാവിനു ദുഃഖപുത്രനായിരുന്നു ഞാൻ. വിശ്വാസികൾ ആയിരുന്നവർ ആരും അന്ന് ഞങ്ങളുടെ വീട്ടിൽ കയറുകയില്ലായിരുന്നു. ഒരിക്കൽ ഞാൻ വഴിയിലൂടെ കടന്നുപോയപ്പോൾ വഴിസൈഡിൽ നിന്ന ഒരു ഉപദേശി എന്നോടു ചോദിച്ചു –താങ്കൾ രക്ഷിക്കപ്പെട്ടത് ആണോ? – എന്ന്. അന്നുവരെ ഞാൻ കേട്ടിട്ടില്ലാത്ത ഒരു ചോദ്യമായിരുന്നു അത്. എന്റെ 25–ാമത്തെ വയസ്സിൽ ആയിരുന്നു. –വേറെ പണിയൊന്നുമില്ലേ?– എന്നു ചോദിച്ചു ഞാൻ മുമ്പോട്ടുപൊയി. എങ്കിലും ആ ചോദ്യം എന്റെ മനസ്സിനെ പിടിച്ചുകുലുക്കി. എന്റെ മനസ്സിൽ തുടരെ തുടരെ ആ ചോദ്യം ചോദിച്ചുകൊണ്ടിരുന്നു. വീട്ടിൽ വന്നു. ബൈബിൾ തുറന്ന് ഇദ്ദേഹം പറഞ്ഞതു ബൈബിളിൽ ഉണ്ടോ എന്നു നോക്കി.. ‘കർത്താവായ യേശുവിൽ വിശ്വസിക്ക. എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും‘ എന്ന വാക്യം എന്റെ ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ ഞാൻ ബൈബിൾ വായന തുടങ്ങി.

ദൈവവുമായിട്ട് കൂടുതൽ അടുത്തു. എന്റെ അമ്മയോടു ഞാൻ അന്നു രാത്രി ചോദിച്ചു അമ്മ രക്ഷിക്കപ്പെട്ടതാണോ....? ഞാൻ രക്ഷിക്കപ്പെട്ടതാണ് എന്നായിരുന്നു അമ്മയുടെ മറുപടി. എനിക്ക് വലിയ സന്തോഷം ഉൺടായി. അങ്ങനെ ഞാൻ പള്ളിയിൽ പോകാൻ തുടങ്ങി. മർത്തോമ്മസഭയിൽ ശുശ്രൂഷകരില്ലായിരുന്ന പല സ്ഥലങ്ങളിലും പോയി പ്രസംഗിച്ചു. ബൈബിൾ കൂടുതലായി വായിച്ചപ്പോൾ സ്നാനപ്പെടണമെന്ന ബോധ്യം എനിക്കുൺടായി. ഞാൻ മെത്രാപ്പോലീത്തയുമായി സംസാരിച്ചപ്പോൾ ‘‘നീ ഞങ്ങളെ വിട്ടിട്ട് പോകരുത്’’ എന്ന മറുപടിയാണ് കിട്ടിയത്. സ്നാനപ്പട്ടതിനുശേഷം ആണ് വീട്ടിൽ കൂടിവരവ് ആരംഭിച്ചത്.

**എ.ടി. കോവൂരിന്റെ കുടുംബത്തിന്റെ വിവരം........?**

വളരെ നാളുകൾക്ക് മുമ്പേ അദ്ദേഹം സിലോണിലേക്ക് (ശ്രീലങ്ക) താമസം മാറി. അദ്ദേഹത്തിന്റെ ഭാര്യയും വലിയ എത്തിസ്റ്റായിരുന്നു. മകൻ ഒരാൾ യുക്തിവാദി സംഘവുമായിട്ട് പ്രവർത്തിക്കുന്നുൺട് എന്നാണ് വിവരം. ഏതോ അഭിമുഖത്തിൽ ‘‘നിങ്ങളുടെ കുടുംബത്തിൽ പാടുകയും അന്യഭാഷ പറയുകയും ഒക്കെ ചെയ്യുന്നവർ ഉൺടല്ലോ’’ എന്നു ചോദിച്ചപ്പോൾ ‘‘അവർക്ക് മനോനില തെറ്റിയിരിക്കുന്നു’’ എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടിയത്രേ. ഈ ദൈവത്തെ അറിയുവാൻ കഴിഞ്ഞതാണ് ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം.